മരുന്ന് വാങ്ങിയതിൽ വരുത്തിയ കുടിശ്ശിക

41(739) ശ്രീ. എളമരം കരീം :
ശ്രീ. എം. സ്വരാജ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) മരുന്ന് വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയെന്ന് അറിയിക്കുമോ; ഇത് മരുന്ന് വിതരണത്തെ ബാധിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മരുന്ന് വിതരണത്തിനായി മദ്യത്തിന് തുല്യ ഏർപ്പെടുത്തിയ സെസ് വഴി ലഭിച്ച തുകയിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ടോ; അങ്ങെ എത്ര തുക ഈ ഇനത്തിൽ ലഭിച്ചെന്നും അതിൽ എത്ര തുക കോർപ്പറേഷനു കൈമാറിയെന്നും അറിയിക്കാമോ;

(സി) മരുന്ന് വാങ്ങാൻ നല്കിയ ടെൻഡറുകളിൽ ഏതു ടെൻഡറുകൾ പ്രകാരമാണെന്നും അത്തരം കേസുകളിൽ പുനർ ടെൻഡർ ക്ഷണിക്കുകയുണ്ടായോ എന്നും അറിയിക്കുമോ; പുനർ ടെൻഡർ ക്ഷണിച്ചില്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) കുടിശ്ശിക വരുത്തിയത് കാരണമാണോ നിരവധി മരുന്നുകൾക്ക് ആവർത്തിച്ച് ടെൻഡർ നൽകിയിട്ടും വിതരണക്കാരെ ലഭിക്കാതിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തായിരുന്നു കാരണമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) മരുന്ന് വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക 121.98 കോടി രൂപയാണ്. മരുന്ന വിതരണവുമായി ബന്ധപ്പെട്ട് കുടിശ്ശികയുണ്ടെങ്കിലും ഇത് മരുന്ന വിതരണത്തെ ബാധിച്ചിട്ടില്ല.

(ബി) ഇതുവരെയൊന്നും കൈമാറിയിട്ടില്ല. ഈയിനത്തിൽ ലഭിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാന ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉല്പന്നങ്ങളും അതത് വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ്

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ദർഘീയ പത്രത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംഭരിച്ചാണ് അതത് ആശുപത്രികൾക്ക് നൽകിവരുന്നത്. മൂന്ന് ടെണ്ടറുകളായാണ് ക്ഷണിക്കുന്നത്.

1. മരുന്നുകൾ (ശീതീകരണ സംവിധാനം ആവശ്യമുള്ളവ & പ്രത്യേക ശീതീകരണ സംവിധാനം ആവശ്യമില്ലാത്തവ)

2. അനുബന്ധ ഉല്പന്നങ്ങൾ

(Medical devices, Blood Diagnostic kits & Reagents, Consumables, Disinfectants & Chemicals, Surgical Sutures, X-Ray Films and Accessories)

3. കാൻസർ രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ.

വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾ റീ-ടെണ്ടർ ചെയ്യാറുണ്ട്. അതിൽ യോഗ്യതയുള്ള വിതരണക്കാരെ ലഭിച്ചാൽ അവർക്ക് വിതരണ ഓർഡറുകൾ നൽകാറുണ്ട്. കാൻസർ രോഗചികിത്സയ്ക്കാവശ്യമായ 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ ഉല്പന്നങ്ങളുമാണ് നടപ്പു സാമ്പത്തിക വർഷം ടെണ്ടർ ചെയ്തത്.

(ഡി) കടിശ്ശിക നൽകാനുണ്ടെന്ന കാരണത്താൽ മാത്രം മരുന്ന് കമ്പനികൾ കോർപ്പറേഷന്റെ ദർഘാസുകളിൽ പങ്കെടുക്കാതിരിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല.

കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങൾ

42(740) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങളുടെ പട്ടിക പ്രസിദ്ധപ്പെടുത്തുമോ; വിശദാംശം നൽകുമോ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് 2014-15 വർഷത്തിൽ എത്ര കോടി രൂപയ്ക്കാണ് ഔഷധങ്ങൾ വാങ്ങിയത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങളുടെ പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (www.Kmscl. Kerala.gov.in KCP പേജ്).

LIBRARY ARCHIVES Kerala Legislative Assembly